**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2015** **02-02-2024 - ൽ മറുപടിയ്ക്ക്**

**ചവറ നിയോജകമണ്ഡലത്തിലെ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജക മണ്ഡലത്തിലെ ഗവ:എച്ച്.എസ്.എസ്. അയ്യൻകോയിക്കൽ നിർമ്മാണം നടന്നുകൊണ്ടിരുന്ന ഗ്രൗണ്ടിന്റെ പണി പകുതിവച്ച് നിർത്തിവെച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗ്രൗണ്ടിന്റെ പണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | പ്രസ്തുത കളിസ്ഥല നിർമ്മാണത്തിന്റെ പ്രവൃത്തി നിർത്തി വച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളിസ്ഥല നിർമ്മാണം വേഗത്തിൽ പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പണി നിർത്തിപോയ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത് റീടെൻഡർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത ഗ്രൗണ്ടിലേയ്ക്ക് ആവശ്യമായ മണ്ണ് ലഭ്യമാകാത്തതിനാലാണ് കരാറുകാരൻ പ്രവൃത്തി നിർത്തിവയ്ക്കാൻ കാരണമായി അറിയിച്ചിട്ടുള്ളത്. പ്രവൃത്തി ത്വരിതപ്പെടുത്തുവാൻ കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും ഇതുവരെയും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. ആയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനുള്ള റീ-ടെണ്ടർ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ